LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കട്ടയാട് വാസന്തിയുടെ നിവേദനം

11(11) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ വർഷം കോഴിക്കോട് വെച്ച് മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഭവനരഹിതയായ ശ്രീമതി കട്ടയാട് വാസന്തി, പുതിയനിരത്ത് പി. ഒ., ഏലത്തൂർ എന്നവരുടെ നിവേദനം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) വാടക വീട്ടിൽ താമസിച്ചുവരുന്ന ഇവരുടെ കുടുബത്തിന് വീട് നിർമ്മിയ്ക്കുന്നതിനുള്ള ആനുകൂല്യം അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടിയിൽ, അക്ഷയ കേന്ദ്രം വഴി പരാതി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ലഭിക്കുന്ന പരാതി നമ്പർ ലഭ്യമായാൽ മാത്രമെ പരാതിയെ കുറിച്ച് കൂടുതൽ വിവരം ലഭ്യമാകുകയുള്ളൂ.

(ബി) നിവേദനവും അനുബന്ധരേഖകളും സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സോളാർ കേസ്

12 (12) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിതാ നായർ തട്ടിപ്പിന്റെ വിഹിതമായി 30 ലക്ഷം രൂപ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് നൽകിയതായി പറയപ്പെടുന്ന സംഭവം വിജിലൻസ് അന്വേഷണം നടത്തിയിരുന്ന സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(ബി) സരിതാ നായർ തിരുവനന്തപുരത്ത് നടത്തിയ പത്ര സമ്മേളനത്തിനിടെ മാധ്യമ പ്രവർത്തകർക്ക് കാണിച്ചുകൊടുത്ത കത്തും താൻ വായിച്ചതായി ഗവൺമെന്റ് ചീഫ് വിപ്പ് അവകാശപ്പെടുന്ന കത്തും ഒന്നാണെന്ന വിവിരം വിജിലൻലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(സി) പ്രസ്തുത കത്ത് വിജിലൻസ് അന്വേഷണ സംഘം പിടിച്ചെടുക്കുകയുണ്ടാ യിട്ടുണ്ടോ ; അന്വേഷണത്തിന്റെ ഭാഗമായി അത് പിടിച്ചെടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസ്സോ അന്വേഷണമോ ഒന്നും തന്നെ നിലവിലില്ല.